സ്കൂളുകൾ എത്ര; സ്വകാര്യസ്കൂളുകൾ എത്ര; ഈ വർഷം എത്ര സ്കൂളുകളിൽ പുതുതായി പ്ലസ്ടു ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): (എ) വിലയിരുത്തിയിട്ടുണ്ട്. ലബോറട്ടറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എല്ലാ പ്ലസ്ടു സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞ അദ്ധ്യയനവർഷം എല്ലാ ഗവ. എയിഡഡ് സ്കൂളുകളിലും വിദഗ്ധൻമാർ ഉൾപ്പെട്ട സമിതികൾ പരിശോധന നടത്തിയിരുന്നു. ഈ വർഷവും ഈ നടപടി തുടർന്നു വരികയാണ്.

(ബി) 2001-ാമാണ്ടോടുകൂടി പ്രീഡിഗ്രി സംവിധാനം പൂർണ്ണമായും നിർത്തൽ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാന യോഗ്യതനിർണ്ണയ പരീക്ഷയും അതാതു വിഷയത്തിൽ ബിരുദാനന്തരബിരുദവും ബി.എഡ്. ഉം ഉള്ളവരെയാണ് ഇനി നിയമിക്കുന്നത്.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ 528 സ്കൂളുകളിൽ പ്ലസ്ടു നിലവിലുണ്ട്. ഇതിൽ 256 സർക്കാർ സ്കൂളുകളും 260 എയിഡഡ് സ്കൂളുകളും 12 എണ്ണം അൺഎയിഡഡ് സ്കൂളുകളുമാണ്. ഈ അദ്ധ്യായന വർഷം പുതിയ പ്ലസ്ടു സ്കൂളുകൾ അനുവദിച്ചിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (415) മത്സ്യ രോഗങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യരോഗങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) സമിതിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ രോഗകാരണങ്ങളെക്കുറിച്ച് സമിതിയുടെ വിലയിരുത്തലുകൾ എന്തെല്ലാം;

(ഡി) സമിതിയുടെ പഠനത്തിന്റെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) മത്സ്യരോഗം വീണ്ടും വരാതിരിക്കുന്നതിന് സർക്കാർ എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചു വരുന്നു.

2 (416) ആഴക്കടൽ മത്സ്യബന്ധനം വികസിപ്പിക്കാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി :

LIBRARY ARCHIVES Kerala Legislative Assembly